**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 403** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഉടമസ്ഥതയിൽ ഉള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ സംസ്ഥാനത്തെ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാണോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും, പുറമ്പോക്ക് ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ടി വിവരങ്ങൾ എല്ലാ റവന്യൂ ഓഫീസുകളിലും സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് 08.05.2019 ലെ സ.ഉ (സാധാ) 1077/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വിവിധ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം ഭൂമി ലഭ്യമാക്കാനുള്ള ഇടപെടലിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരം ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും, പുറമ്പോക്ക് ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ടി വിവരങ്ങൾ എല്ലാ റവന്യൂ ഓഫീസുകളിലും സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് 08.05.2019 ലെ സ.ഉ (സാധാ) 1077/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്ക് ഭൂമി വേഗത്തിൽ ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച നടപടികൾ ലഘൂകരിക്കുമോ; വിശദീകരിക്കാമോ; | (സി) | വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ 05.06.2018 ലെ സ.ഉ(പി) 31/2018/റവ പ്രകാരം ലഘൂകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് 50 സെന്റും മുനിസിപ്പാലിറ്റി പരിധിയിൽ 25 സെന്റും സിറ്റി കോർപ്പേറേഷൻ പരിധിയിൽ 10 സെന്റ് ഭൂമിയും സേവനവകുപ്പുകൾക്ക് കൈമാറുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കു നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി, ഉടമസ്ഥർ ഇല്ലാത്ത ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | സൂക്ഷിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളിൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം | (ഇ) | സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയവയുടെ |

| | | | |
|---|---|---|---|
| | സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ? | | വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ, അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമ വഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതു താത്പര്യം സംരക്ഷിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് 29.07.2019 ലെ സ.ഉ (എം.എസ്) 243/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തു വകകളുടെ വിവരശേഖരണം നടത്തി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (സാധാ) നം. **1077**/2019/റവ തീയതി, തിരുവനന്തപുരം 08/05/2019

പരാമർശം: 23.03.2019 ലെ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ കുറിപ്പ് നിർദ്ദേശങ്ങൾ

**ഉത്തരവ്**

സംസ്ഥാനത്ത് ഓരോ വില്ലേജിന്റെയും അധികാര പരിധിക്കുള്ളിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, സർക്കാർ പുറമ്പോക്ക് ഭൂമി, അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി, കൈയ്യേറി കൈവശം വച്ചിരിക്കുന്ന ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി, കാലങ്ങളായി ഉപയോഗിക്കാതെ കാട്ടു കയറി കിടക്കുന്ന ഭൂമി, അന്യാധീനമായി കിടക്കുന്ന ഭൂമി, റവന്യൂ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടു വന്നിരിക്കുന്ന ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങളും അപ്രകാരമുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിവരങ്ങളും ഓരോ ജില്ലാതലത്തിലും സ്വരൂപിച്ച് ഒരു മാസത്തിനുള്ളിൽ ലഭ്യമാകേണ്ടതാണ്.

മേല്പറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്തി കൊണ്ടുള്ള ഒരു രജിസ്റ്റർ, വില്ലേജ്/താലൂക്ക്/ജില്ല/ലാന്റ് റവന്യൂ കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതും ഇത്തരം ഭൂമിയിൽ സർക്കാരിലേയ്ക്ക് ഇനിയും ഏറ്റെടുക്കേണ്ടതായ ഭൂമി ഉണ്ടെങ്കിൽ അത് ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എല്ലാ റവന്യൂ അധികാരികളും സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വേണു. വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും (ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Delegation of Powers to District collectors for the expeditious transfer of Government land among Government Departments for common use- Orders issued.

**REVENUE (A) DEPARTMENT**

**G.O.(P)No.31/2018/RD** Dated,Thiruvananthapuram, 05/06/2018

Read 1 G. O (P) 498/61/RD Dated 17/05/1961
2 G.O (P) 881/65/RD Dated 25/05/1965
3 Circular No 41441/P1/96/RD dated 28/09/1996

**ORDER**

Currently, transfer of land among Service Departments are ordered at Government level with the prior consent of Finance Department and by retaining the ownership of land in Revenue Department.Transfer of land among departments does not change the status of 'Sarkar Puramboke.' As proposals for all the 14 Districts are routed to Government for orders on transfer of land, the present process results in inordinate delay.

2. For the expeditious transfer of Government land among Government Departments for common use, the Government are pleased to order the delegation power to District Collectors subject to the following conditions:-

The transfer of Government lands with improvements thereon, from one Government Department to another shall be ordered by the District Collectors and Government as shown below:-

(i) District Collectors:- Up to a limit of 50 (fifty) cents within the Grama Panchayat area; up to a limit of 25 (twenty five) cents within the Municipal area and up to a limit of 10 (ten) cents within the Corporation area.

Note 1 :- In all cases where the Government land to be transferred is not under the possession of Revenue Department, but within the limit under; (i), the District Collectors shall take No Objection Certificate from the District Level Officer of that Department before issue of orders.

(ii) All cases not covered by the above limits under (i) or where there are no District Level Officers for the Department whose land is proposed to be transferred or where the District Level Officer of the Department whose land is proposed to be

transferred refuses to issue NOC, but the District Collector is convinced that there is no other land suitable for transfer to the other Department, should be submitted to Government for orders.

Note 1:- It will not be necessary to consult Finance Department in such cases.

(iii)Transfer of land to Constitutional bodies, statutory bodies, autonomous institutions and bodies, public Sector Undertakings, Societies, Local Self Government Institutions, Boards, Corporations, Grant-in-aid institutions etc shall not be considered under this provision, but will be considered under the relevant provision of Kerala Land Assignment Act 1960.

3. Finance Department shall make amendments in the Kerala Financial Code accordingly.

(By order of the Governor)
**P H KURIAN**
**ADDITIONAL CHIEF SECRETARY**

To:

1.The Commissioner, Land Revenue, Thiruvananthapuram.

2.All the District Collectors, Kerala

3.The Accountant General (A&E/Audit), Kerala, Thiruvananthapuram.

4.The General Administration (SC) Department( vide Item No.2186 dated, 30.05.2018)

5.Finance Department ( vide U. O (F) No.E(382951)/Exp-A2/39/2017/FD dated.07/04/2018

6.Information & Public Relations (Web & New media) Department

7.Stock File/Office Copy.

Forwarded /By order
Section Officer

അനുബന്ധം

## സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം

| ക്രമ നം | ജില്ല | വിസ്തീർണ്ണം (ഹെ.ആർ) | കൈവശങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 40219.862764 | 116117 |
| 2 | കൊല്ലം | 75502.487587 | 123414 |
| 3 | പത്തനംതിട്ട | 14626.592675 | 77003 |
| 4 | ആലപ്പുഴ | 15995.702721 | 90232 |
| 5 | കോട്ടയം | 29291.889035 | 104906 |
| 6 | ഇടുക്കി | 104777.24284 | 72456 |
| 7 | എറണാകുളം | 101350.563115 | 109966 |
| 8 | തൃശ്ശൂർ | 54551.23 | 129267 |
| 9 | പാലക്കാട് | 163137.898416 | 137079 |
| 10 | മലപ്പുറം | 74396.342463 | 58427 |
| 11 | കോഴിക്കോട് | 41967.12434 | 38683 |
| 12 | വയനാട് | 105204.926808 | 33014 |
| 13 | കണ്ണൂർ | 91577.73423 | 39011 |
| 14 | കാസർഗോഡ് | 3339.16216 | 15052 |
| ആകെ | | **915931.755632 ഹെക്ടർ (2263267.36816 ഏക്കർ)** | 1144627 |

## സംസ്ഥാനത്തെ ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി സംബന്ധിച്ച വിവരം

| ക്രമ നം | ജില്ല | വിസ്തീർണ്ണം (ഹെ.ആർ) |
|---|---|---|
| 1 | തിരുവനന്തപുരം | 3.2073 |
| 2 | കൊല്ലം | 0 |
| 3 | പത്തനംതിട്ട | 6.288 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 0.0205 |
| 6 | ഇടുക്കി | 0.582 |
| 7 | എറണാകുളം | 0.2906 |
| 8 | തൃശ്ശൂർ | 2.2773 |
| 9 | പാലക്കാട് | 0.433 |
| 10 | മലപ്പുറം | 0.3797 |
| 11 | കോഴിക്കോട് | 1700.0652 |
| 12 | വയനാട് | 761.3065 |
| 13 | കണ്ണൂർ | 294.9413 |
| 14 | കാസർഗോഡ് | 0.0485 |
| **ആകെ** | | **2769.8399 ഹെക്ടർ** |

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളുടെ വിവരശേഖരണം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (എംഎസ്) നം.243/2019/റവ തീയതി, തിരുവനന്തപുരം 29 /07/2019

**<u>ഉത്തരവ്</u>**

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി വളരെ ഉദാരമായ വ്യവസ്ഥയിലോ, സൗജന്യമായിട്ടോ വിശാലമായ ഭൂമിയും വിലയേറിയ കെട്ടിടങ്ങളും കേരള സർക്കാർ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ അവ വിറ്റഴിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിനെ അതിൽ ഒരു തരത്തിലും ബന്ധപ്പെടുത്തുന്നതായി കാണുന്നില്ല. ഇപ്രകാരം സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്കു വിധേയമായോ നല്കിയ ഈ സ്വത്തുക്കൾ ഏതെങ്കിലും ഒരു കാലത്ത് വിറ്റഴിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യുമെന്ന് എന്തെങ്കിലും മുൻധാരണയുണ്ടായിരുന്നുവെങ്കിൽ സംസ്ഥാനത്തിന്റെ അമൂല്യമായ സമ്പാദ്യങ്ങളും ചരിത്രപ്രാധാന്യമുള്ള സ്വത്തുവകകളും അന്നത്തെ ഭരണാധികാരികൾ കേന്ദ്ര സ്ഥാപനങ്ങൾക്ക് നൽകുമായിരുന്നില്ല. ഇത്തരത്തിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലും സ്വകാര്യവത്കരണവും ഇനിയും പല വസ്തുവകകളുടേയും നഷ്ടത്തിന് ഇടയാക്കും എന്നതിൽ സംശയമില്ല. മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ക്രിയാത്മകമായ മുൻകൂർ നടപടികൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തൊട്ടാകെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്കു വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ, അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാത്പര്യം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നതും അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടിയിരിക്കുന്നു.

2) മേൽ സാഹചര്യത്തിൽ മേൽ വിവരിച്ച പ്രകാരമുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളുടെ വിശദാംശം തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, ഇവയിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സ്ഥാപിച്ച് സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാത്പര്യം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) മേൽപ്രകാരം രൂപീകരിക്കപ്പെട്ട മോണിറ്ററിങ് സെൽ ആവശ്യമായ വിവര ശേഖരണം നടത്തി സർക്കാർ ഉത്തരവു തീയതി മുതൽ ഒരു മാസത്തിനുള്ളിൽ സർക്കാരിൽ

വിശദാംശങ്ങൾ സമർപ്പിച്ചിരിക്കണം. വിവരശേഖരണത്തിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ ആസ്തികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുമായി കത്തിടപാടുകൾ നടത്തുന്നതിനും ആവശ്യമുള്ളപക്ഷം പൊതുമേഖലാസ്ഥാപനങ്ങളിലെ ആവശ്യമായ രേഖകൾ വിളിച്ചുവരുത്തുന്നതിനും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും മോണിറ്ററിങ് സെല്ലിൽ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.

4) ഇപ്രകാരം രൂപീകരിക്കുന്ന മോണിറ്ററിങ് സെല്ലിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച തീരുമാനങ്ങൾ മോണിറ്ററിങ് സെല്ലിന്റെ ചുമതലയുള്ള അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

5) സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇക്കാര്യങ്ങളുടെ മേൽനോട്ടച്ചുമതല വഹിക്കുന്നതാണ്.

6) കൂടാതെ ഇത്തരത്തിലുള്ള വസ്തുവകകളിൽ പോക്കുവരവ് നടത്തുന്നതും, ഉടമസ്ഥാവകാശം, കൈവശാവകാശം മുതലായവ നിർണയിച്ച് നൽകുന്നതും ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മമായും ഉന്നതതലത്തിലും പരിശോധിച്ചായിരിക്കണം എന്നും ഇതിനാൽ നിഷ്കർഷിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു വി.**
**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
അസിസ്റ്റന്റ് കമ്മീഷണർ (ലാൻഡ് അസൈൻമെന്റ്), ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ